നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി.17/11/2021

സർക്കുലർ

വിഷയം: മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള- റെഗുലർ സോഷ്യൽ ഓഡിറ്റ് 2021-22 വർഷം പ്രവർത്തനങ്ങൾ -സംബന്ധിച്ച്-മാർഗ്ഗരേഖകൾ

സൂചന: (1) ഈ ഓഫീസിലെ 25.06.2020-ലെ ഇതേ നമ്പർ സർക്കുലർ
(2) സർക്കാരിന്റെ 28.6.21-ലെ സം.ഉ.117/21/ത.സ്വ.ഭ.വ.
(3) ഈ ഓഫീസിലെ 08.7.21-ലെ ഇതേ നമ്പർ കത്ത്.

സൂചന സർക്കുലറുകൾ പ്രകാരം റെഗുലർ സോഷ്യൽ ഓഡിറ്റും, കൺകറന്റ് സോഷ്യൽ ഓഡിറ്റും നടത്തുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ ഇതിനകം നൽകിയിരുന്നു. തുടർന്നങ്ങോട്ട് ഇനി മുതൽ റഗുലർ സോഷ്യൽ ഓഡിറ്റ് മാത്രമാണ് നടത്തേണ്ടത്. 2021 നവംബർ മാസത്തിൽ തന്നെ റഗുലർ സോഷ്യൽ ഓഡിറ്റിംഗ് ആരംഭിക്കേണ്ടതുണ്ട്. റഗുലർ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടത് 2021 ഏപ്രിൽ 1 മുതൽ 2021 സെപ്തംബർ 30 വരെയുള്ള എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികളെ അടിസ്ഥാനമാക്കിയാണ്. എന്നിരുന്നാലും ഇക്കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരുത്തുവാൻ താഴെപ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു.

1. പഞ്ചായത്തുകളുടെ 2021-22 വർഷത്തെ റെഗുലർ സോഷ്യൽ ഓഡിറ്റ് പുനരാരംഭിയ്ക്കുന്നതിനു-മുമ്പായി ഈ വർഷത്തെ സോഷ്യൽ ഓഡിറ്റ് കലണ്ടർ തയ്യാറാക്കി എം.ഐ.എസ്സിൽ അപ് ലോഡ് ചെയ്യേണ്ടതുണ്ട്.

2. എല്ലാ ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരും അതത് ബ്ലോക്കിലെ സോഷ്യൽ ഓഡിറ്റ് കലണ്ടർ എം.ഐ.എസ് ഫോർമാറ്റിൽ തയ്യാറാക്കണം

3. ബി.ആർ.പിമാർ അവരുടെ ബ്ലോക്ക് പ്രദേശത്തെ വി.ആർ.പിമാരുമായി കൂടിയാലോചിച്ച് പ്രായോഗികമായി സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടത്താൻ കഴിയും വിധം സോഷ്യൽ ഓഡിറ്റ് കലണ്ടർ തയ്യാറാക്കുക.

4. സോഷ്യൽ ഓഡിറ്റ് കലണ്ടർ തയ്യാറാക്കി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ അറിയിക്കുകയും അവരുടെ സഹകരണം സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ ഉറപ്പാക്കുകയും വേണം.

5. ബ്ലോക്ക് തലത്തിലുള്ള സോഷ്യൽ ഓഡിറ്റ് കലണ്ടർ നിർദ്ദിഷ്ട എം.ഐ.എസ്സ് ഫോർമാറ്റിൽ തയ്യാറാക്കി സ്റ്റേറ്റ് സോഷ്യൽ ഓഡിറ്റ് യൂണിറ്റിനും ജില്ലയിലെ ജെ.പി.സിയ്ക്കും 2021 നവംബർ 25-നകം കോപ്പികൾ നൽകേണ്ടതാണ്.

6. സോഷ്യൽ ഓഡിറ്റ് കലണ്ടർ തയ്യാറാക്കുന്നതിന് ബി.ആർ.പിമാർ സ്വീകരിക്കേണ്ട രീതി സമ്പ്രദായം ഓരോ പഞ്ചായത്തിലും എത്ര വി.ആർ.പിമാർ ലഭ്യമാണെന്ന് കണക്കാക്കി ആ പഞ്ചായത്തിൽ എത്ര വാർഡുകൾ (ഗ്രാമസഭകൾ സംഘടിപ്പിക്കണം) എന്ന് കണക്കാക്കി ഒരു വാർഡിലെ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കുന്നതിന് ഒരു വി.ആർ.പി.യ്ക്ക് 8-10 ദിവസം വേണ്ടിവരും എന്ന് കണക്കാക്കി (രേഖകളുടെ പരിശോധനയ്ക്ക് 2 ദിവസം, ഫീൽഡ് പരിശോധനയ്ക്ക് 2 ദിവസം, വീടുവീടാന്തരമുള്ള പരിശോധനയ്ക്കും ഗുണഭോക്താക്കളുമായും, തൊഴിലാളികളുമായും മറ്റ് ബന്ധപ്പെട്ടവരുമായുള്ള ചർച്ചകൾക്ക് ഒരു ദിവസം, റിപ്പോർട്ട് തയ്യാറാക്കാൻ ഒരു ദിവസം, ഗ്രാമസഭയ്ക്ക് ഒരു ദിവസം, പബ്ലിക്ക് ഹിയറിംഗ് ഒരു ദിവസം ഉൾപ്പടെ ആകെ 8-10 ദിവസം) കലണ്ടർ തയ്യാറാക്കേണ്ടതാണ്.

7. പബ്ലിക്ക് ഹിയറിംഗിന്റെ നടപടിക്രമങ്ങളും രീതി ശാസ്ത്രവും തുടർന്ന് എസ്.എ.യുവിൽ നിന്നും അറിയിക്കുന്നതാണ്. ഗ്രാമസഭയ്ക്കു ശേഷമുള്ള സൗകര്യപ്രദമായ തീയതിയാണ് പബ്ലിക്ക് ഹിയറിംഗിനായി കലണ്ടറിൽ രേഖപ്പെടുത്തേണ്ടത്.

8. പരിശീലനം ലഭിച്ചവരും തുടർന്ന് ഇതിനകം കൊഴിഞ്ഞുപോയവരുമായ വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ തിരികെ കൊണ്ടുവരുന്നതിനും സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളിൽ പ്രയോജന പ്പെടുത്തുന്നതിനും ഡി.ആർ.പിമാരും ബി.ആർ.പിമാരും പ്രത്യേക ശ്രദ്ധ നൽകണം. റിസോഴ്സ് പേഴ്സൺമാരുടെ കുടിശ്ശിഖ വേതനം വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

2021 നവംബർ 25-ാം തീയതിയോടെ ഇതുവരെ റഗുലർ സോഷ്യൽ ഓഡിറ്റ് ആരംഭിക്കാത്ത പഞ്ചായത്തുകളിൽ സോഷ്യൽ ഓഡിറ്റ് ആരംഭിക്കുന്നതിനും ഒരു പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കുന്നതിനും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

17/11/21.

ഡോ.എൻ.രമാകാന്തൻ
ഡയറക്ടർ

കോപ്പി: എല്ലാ ജില്ലാറിസോഴ്സ് പേഴ്സൺമാർക്കും

കുറിപ്പ്: ജില്ലാ റിസോഴ്സ് പേഴ്സൺസ് ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർ വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്കും ഈ കുറിപ്പ് ലഭ്യമാക്കണം.